K.S.W.C
No: 32 Date: 18 AUG 2015
M(F)
M(Admn.)
DM(Admn.)/M(B)/c
M(M&I&QC)
EE-I(I/c)
EE-II
LO
PA to MD
TA to MD
PIO

M (Bisnes) for information and n/a

**കേരള സർക്കാർ**

സംഗ്രഹം

കൃഷി വകുപ്പ് - കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ - മലബാർ സിമന്റ് ലിമിറ്റഡുമായി ചേർന്ന് സിമന്റ് വിൽപ്പന നടത്തുന്നതിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി(പി.യു) വകുപ്പ്**

സ.ഉ (എം.എസ്) നം. 135/15/കൃഷി. തിരുവനന്തപുരം, തീയതി, 17/08/2015.

പരാമർശം:- (1) കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ ചെയർമാന്റെ 16/07/2015-ലെ കെ.എസ്.ഡബ്ല്യൂ.സി/ ചെയർമാൻ/2015-16 നം. കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടുകൂടി കോർപ്പറേഷന്റെ ഗോഡൗണുകൾ വഴി സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന മറ്റൊരു പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ് ലിമിറ്റഡുമായി ചേർന്ന് സിമന്റ് ബിസിനസ് നടത്തുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് പരാമർശം (1)-ലെ കത്ത് പ്രകാരം സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ ചെയർമാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

To M(B) MCL Cement Sale file

(2) വെയർഹൗസിംഗ് കോർപ്പറേഷൻ ആക്ട് 1962-ലെ ക്ലാസ്-24(d),(e) എന്നിവ പ്രകാരം നോട്ടിഫൈഡ് കമ്മോഡിറ്റി വിൽപ്പന നടത്താവുന്നതാണെന്ന് പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ സ്റ്റോറേജ് ഷെഡ്യൂൾ പ്രകാരം സിമന്റ് ഒരു നോട്ടിഫൈഡ് കമ്മോഡിറ്റിയാണ് എന്ന് വെയർഹൗസിംഗ് കോർപ്പറേഷൻ ചെയർമാൻ അറിയിച്ചിട്ടുണ്ട്. കോർപ്പറേഷൻ സിമന്റ് ബിസിനസ് നടത്തുന്നതുമൂലം സർക്കാരിന് യാതൊരു ബാദ്ധ്യതയും ഉണ്ടാകുന്നതല്ലെന്നും ചെയർമാൻ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മലബാർ സിമന്റ് ലിമിറ്റഡുമായി ചേർന്ന് സിമന്റ് വിൽപ്പന നടത്തുന്നതിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ. അജയകുമാർ,**
സെക്രട്ടറി.

ചെയർമാൻ, കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ, കൊച്ചി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ, കൊച്ചി.

മാനേജിംഗ് ഡയറക്ടർ, മലബാർ സിമന്റ്സ്, വാളയാർ, പാലക്കാട്.

വെബ് & ന്യൂ മീഡിയ,ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ